**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1960** 06/02/2019-ലെ മറുപടി

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |
| എ)പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം 2019 ഫെബ്രുവരി 1 ന് ലഭിക്കേണ്ട വെള്ളം തമിഴ്നാട്ടിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ: വ്യക്തമാക്കാമോ ; | എ) ഉണ്ട്. 2019 ഫെബ്രുവരി 1 ന് കരാർ പ്രകാരം, കേരള ഷോളയാർ ജലസംഭരണി സമ്പൂർണ്ണ ജലനിരപ്പിലെത്തിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാടിന് ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കത്തയച്ചിരുന്നു. ഈ വിഷയം 28.01.2019 ന് നടന്ന 101–ാമത് ജെ.ഡബ്ല്യു. ആർ ബോർഡ് യോഗത്തിലും കേരളം ഉന്നയിച്ചിരുന്നു. ഇതിനോട് തമിഴ്നാട് പൂർണ്ണമായും സമ്മതിച്ചില്ലെങ്കിലും പി.എച്ച് II വഴി കേരള ഷോളയാർ റിസർവോയറിലേയ്ക്ക് ജലം ലഭ്യമാക്കാ മെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്.<br>ഇതനുസരിച്ച് 29.01.2019 ന് പി.എച്ച്. II വഴി കേരള ഷോളയാർ റിസർവോയറിലേയ്ക്ക് ജലം എത്തിതുടങ്ങിയിട്ടുണ്ട്. |

| | |
|---|---|
| ബി)മഹാപ്രളയത്തിൽ തമിഴ്നാട് സർക്കാരിന്റെ കീഴിലുള്ള ഡാമുകളിൽ നിന്ന് തുറന്നുവിട്ട വെള്ളം കരാറിന്റെ ഭാഗമായി നൽകേണ്ട വെള്ളത്തിന്റെ കണക്കിൽ ഉൾപ്പെടുത്താൻ തമിഴ്നാട് സർക്കാർ ശ്രമിക്കുന്നുവെന്ന വാർത്തകളിൽ യാഥാർത്ഥ്യമുണ്ടോ ; വെളിപ്പെടുത്താമോ ; | ബി) മഹാപ്രളയത്തിൽ, തമിഴ്നാട് സർക്കാരിന്റെ കീഴിലുള്ള ഡാമുകളിൽ നിന്ന് തുറന്നുവിട്ട വെള്ളം കരാറിന്റെ ഭാഗമായി നൽകേണ്ട വെള്ളത്തിന്റെ കണക്കിൽ ഉൾപ്പെടുത്താൻ തമിഴ്നാട് സർക്കാർ ശ്രമിക്കുന്നുവെന്ന വാർത്തകളിൽ യാഥാർത്ഥ്യമുണ്ട്. എന്നാൽ ജെ.ഡബ്ല്യു.ആർ ബോർഡിന്റെ 101–ാമത് യോഗത്തിൽ കേരളം ഇതിനോട് കടുത്ത വിയോജിപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മണക്കടവ് വിയറിൽ, പ്രളയജലം കണക്കിൽപ്പെടുത്താൻ കഴിയില്ല എന്ന കേരളത്തിന്റെ വാദം ജെ.ഡബ്ല്യു.ആർ ബോർഡ് അംഗീകരിക്കുകയുണ്ടായി. എന്നാൽ കേരള ഷോളയാർ റിസർവോയറിൽ സ്പിൽ ചെയ്ത വെള്ളത്തിന്റെ ഒരു ഭാഗം കേരളത്തിന് പവർഹൗസിൽ നൽകേണ്ട വെള്ളത്തിന്റെ കണക്കിൽപ്പെടുത്തണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും കേരളം ഇതിനെ എതിർക്കുകയും ചെയ്തു. ഇതിൽ വിയോജിപ്പ് ഉണ്ടായതോടെ, ഈ വിഷയം ബോർഡ് ചെയർമാൻ ഇരു സർക്കാരുകളെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട മുഴുവൻ വെള്ളവും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) പറമ്പിക്കുളം – ആളിയാർ പദ്ധതിയിലെ ജലസംഭരണവും വിതരണവും ക്രമീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിനാണ്. ഈ ബോർഡിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുമെങ്കിൽ |

മാത്രമേ സർക്കാർ തലങ്ങളിൽ ഇടപെടൽ ആവശ്യമുള്ളൂ. ഇതനുസരിച്ച് ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിലും സർക്കാർ തലങ്ങളിലും കേരളത്തിനു ലഭിക്കേണ്ട മുഴുവൻ വെള്ളവും യഥാസമയം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**